# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 200:** **19/06/2012- ൽ മറുപടിക്ക്**

**ഉൽപാദന- സേവന മേഖലകളിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. ഷാഫി പറമ്പിൽ :**
**" വി.റ്റി. ബൽറാം :**
**" അൻവർ സാദത്ത് :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം ചെറുകിട, ഇടത്തരം വ്യാവസായിക സംരംഭങ്ങളാണ് തുടങ്ങിയതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ സംസ്കരണം, റെഡിമെയ്ഡ് ഗാർമെന്റ്, സിമന്റ് പ്രൊഡക്ട്സ്, ജനറൽ എഞ്ചിനീയറിംഗ്, സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ്, മറൈൻ പ്രോഡക്ട്സ്, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ മിനറൽ റെക്സിൻ പോഡക്ട്സ്, പിവിസി പ്രോഡക്ട്സ്, പ്രിന്റിംഗ്, പേപ്പർ ഉൽപ്പന്നങ്ങൾ മെഴുക് തിരി നിർമ്മാണം, തടിയധിഷ്ഠിത ഉൽപ്പന്നങ്ങൾ, സേവനം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും സംരംഭങ്ങൾ ആരംഭിച്ചത്.<br><br>ഈ സർക്കാരിന്റെ കാലത്ത് 37 ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി സിഡ്കോ ഷെഡ്ഡ്/ഭൂമി ചെറുകിട വ്യവസായികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 32 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സിഡ്കോ വ്യവസായ പാർക്കുകളായ കുന്നന്താനം, അങ്കമാലി, അത്താണി എന്നിവിടങ്ങളിൽ പ്ലോട്ടുകൾ അലോട്ട് ചെയ്തിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളാ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ 17.69 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 6 ഇടത്തരം വ്യവസായ സംരംഭങ്ങളും പദ്ധതികളും തുടങ്ങിയിട്ടുണ്ട്. കൂടാതെ 99.33 കോടി രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന 24 ഇടത്തരം വ്യാവസായിക പദ്ധതികൾ നിർമ്മാണ ഘട്ടത്തിലുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഉല്പാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതുമൂലം എത്രപേർക്കാണ് തൊഴിൽ കണ്ടെത്താനായത്; | (ബി) | ഉണ്ട്. ഉൽപാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2011-12 ൽ 10389 സംരംഭങ്ങളിലൂടെ 72324 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.<br><br>ഉൽപാദന മേഖലയിലും സേവന മേഖലയിലും ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 37 യൂണിറ്റുകൾക്ക് ഭൂമി/ഷെഡ്ഡ് അലോട്ട് ചെയ്തിട്ടുണ്ട്. ഇവയിലെല്ലാം കൂടെ ഏകദേശം 250 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല വ്യവസായ പാർക്കുകളിൽ അനുവദിച്ച വ്യവസായങ്ങളിൽ ഭൂരിഭാഗവും ഉൽപാദന മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രസ്തുത യൂണിറ്റുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമായാൽ ഏകദേശം 677 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാകും.<br><br>ഉൽപാദന മേഖലയിലും, സേവന മേഖലയിലും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ 6 ഇടത്തരം സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഇതുമൂലം 118 പേർക്ക് തൊഴിൽ കണ്ടെത്താനായി. |
| (സി) | മുൻ സർക്കാരിന്റെ കാലത്തുള്ളതിനേക്കാൾ ഈ മേഖലയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്ന് വിശദമാക്കുമോ? | (സി) | 2010-11 കാലത്തേതിൽ നിന്നും 2011-12 കാലത്തും വ്യവസായ വകുപ്പിൽ സംരംഭക മെമ്മോറാണ്ടം പാർട്ട് II ഫയൽ ചെയ്ത യൂണിറ്റുകളുടെ എണ്ണത്തിൽ 17 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>സിഡ്കോയുടെ പരിധിയിൽ മുൻ സർക്കാരിന്റെ കാലത്തുള്ളതിനേക്കാൾ ഈ മേഖലയിൽ 120 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>2010-11 വർഷത്തെ അപേക്ഷിച്ച് 2011-12 വർഷത്തിൽ കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ പൂർത്തിയാക്കിയ വ്യാവസായിക പദ്ധതികളുടെ എണ്ണത്തിൽ 20 ശതമാനത്തിന്റെ വർദ്ധനവും അവയുടെ നിക്ഷേപത്തിൽ 88.59 ശതമാനത്തിന്റെ വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ